# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 നവംബർ 6**

---

## എം.എഡ് സ്പോട്ട് അഡ്മിഷൻ; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ എം.എഡ് 2023-25 ബാച്ച് സ്പോട്ട് അഡ്മിഷൻറെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. റാങ്ക് ലിസ്റ്റും കൂടുതൽ വിവരങ്ങളും www.sps.mgu.ac.in, www.mgu.ac.in എന്നീ വെബ്സൈറ്റുകളിൽ ലഭിക്കും.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ നവംബർ എട്ടിന് രാവിലെ 10ന് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ ഹാജരാകണം

(പി.ആർ.ഒ/39/1326/2023)

## കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെന്റ് നൽകണം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പെൻഷൻ കാരുടെ 2023-2024 സാമ്പത്തിക വർഷത്തെ വരുമാന നികുതി കണക്കാക്കുന്നതിനുള്ള അന്തിമ കമ്പ്യൂട്ടേഷൻ സ്റ്റേറ്റ്മെൻറ് ഫോറം സർവകലാശാല വെബ്സൈറ്റിൽ സർക്കുലേഴ്സ്, പെൻഷൻ പോർട്ടൽ എന്നീ ലിങ്കുകളിൽ ലഭിക്കും.

ഫോറം ഡൗൺലോഡ് ചെയ്ത്, വിവരങ്ങൾ രേഖപ്പെടുത്തി നടപ്പു സാമ്പത്തിക വർഷത്തെ സേവിംഗ്സ് കണക്കുകൾ സഹിതം ഡിസംബർ 15ന് മുൻപ് അയക്കണം. വിലാസം - രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-686 560 എന്ന വിലാസത്തിൽ

(പി.ആർ.ഒ/39/1327/2023)

## സ്പോട്ട് അഡ്മിഷൻ

എം.ജി സർവകലാശാലാ സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയിൽ എം.ടെക് നോനോ സയൻസ് ആൻറ് ടെക്നോളജി(ജനറൽ

മെറിറ്റ്-6), എം.എസ്.സി ഫിസിക്സ്(ജനറൽ മെറിറ്റ്-4), എം.എസ്.സി ഫിസിക്സ് (കണ്ണൂർ സർവകലാശാലയുമായി ചേർന്നുള്ള ജോയിൻറ് പ്രോഗ്രാം - ജനറൽ മെറിറ്റ്-4) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി നവംബർ എട്ടിന് 11.30ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (www.mgu.ac.in). ഫോൺ: 9447709276, 9447712540

......................

എം.ജി സർവകലാശാലയുടെ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിൽ എം.ടെക് എനർജി സയൻസ് ആൻറ് ടെക്നോളജി(ജനറൽ മെറിറ്റ്-6), എം.എസ്.സി മെറ്റീരിയൽ സയൻസ് (ജനറൽ മെറിറ്റ്-4) പ്രോഗ്രാമുകളിൽ സീറ്റുകൾ ഒഴിവുണ്ട്.

അർഹരായവർ അസ്സൽ രേഖകളുമായി നവംബർ എട്ടിന് 11.30ന് മുൻപ് കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ വകുപ്പ് ഓഫീസിൽ(റൂം നമ്പർ 302) നേരിട്ട് എത്തണം. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ (www.mgu.ac.in). ഫോൺ: 7736997254

(പി.ആർ.ഒ/39/1328/2023)

## പരീക്ഷാ തീയതി

അഞ്ചാം സെമസ്റ്റർ ബി.വോക്(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷൻ റീഅപ്പിയറൻസ് - പുതിയ സ്കീം) പരീക്ഷകൾ നവംബർ 13ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

..............................

അഫിലിയേറ്റഡ് കോളജുകളിലെ രണ്ടാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി(2022 അഡ്മിഷൻ റഗുലർ, 2018-2021 അഡ്മിഷൻ സപ്ലിമെൻററി), ത്രിവത്സര എൽ.എൽ.ബി(2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്) പരീക്ഷകൾ ഡിസംബർ എട്ടിന് ആരംഭിക്കും.

(പി.ആർ.ഒ/39/1329/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നവംബർ 27ന് ആരംഭിക്കുന്ന ഒന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2022 അഡ്മിഷൻ റഗുലർ, 2017-2021 അഡ്മിഷൻ സപ്ലിമെൻററി, 2017 ന്

മുൻപുള്ള അഡ്മിഷൻ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് നവംബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

നവംബർ 14ന് പിഴയോടു കൂടിയും നവംബർ 15ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1330/2023)

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.വോക് അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടിസ്പോർട്ട്സ് ആൻറ് ഫിറ്റ്നസ് ട്രെയിനിംഗ്(പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020,2021 അഡ്മിഷൻ റീഅപ്പിയറൻസ് - ജൂലൈ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 13 മുതൽ മാറമ്പള്ളി എം.ഇ.എസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1331/2023)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ എം.എസ്.സി മാത്തമാറ്റിക്സ്(20122018 അഡ്മിഷൻ സപ്ലിമെൻററിയും മെഴ്സി ചാൻസും - നവംബർ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 19 വരെ ഓൺലൈനിൽ സമർപ്പിക്കാം.

.........................

മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ(2017,2018 അഡ്മിഷൻ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് നവംബർ 19 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/1332/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**